# അറിയിപ്പ്

എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകുന്നു.

1.26-05-2020 ന് മുമ്പ് വിദ്യാലയവും പരിസരവും ക്ലാസ് മുറിയും ഫർണിച്ചറുകളും ശുചീമുറികളും അണുവിമുക്തമാക്കണം. ഇതിനായി പി.ടി.എ. യുടെ സഹായം ഉറപ്പുവരുത്തണം.

2.പരീക്ഷാ ഹാൾ ക്രമീകരിക്കണം. പരമാവധി 20 കുട്ടികൾ.

3.ഓരോ ചീഫ് സൂപ്രണ്ടും തന്റെ വിദ്യാലയത്തിൽ അധികമായി എത്ര വിദ്യാർത്ഥികൾ വരുന്നുണ്ട് എന്നും അവർക്കുള്ള മുറി,ചോദ്യപേപ്പർ ഇൻവിജിലേറ്റർമാർ എന്നിവ ഉറപ്പിക്കണം.

4.കുട്ടികൾ സ്കൂളിൽ പ്രവേശിക്കുമ്പോൾ തന്നെ ഗേറ്റിൽ കൈ അണുവിമുക്തമാക്കണം. ഇതിന്റെ ചുമതല ടീച്ചർമാർക്ക് നൽകണം.

5. എല്ലാവരും മാസ്ക് ധരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. സാമൂഹ്യ അകലം പാലിക്കണം.

6.പരീക്ഷ തുടങ്ങുന്നതിന് മുമ്പും ശേഷവും ക്ലാസ് റൂം ബഞ്ച് ഡസ്ക് എന്നിവ അണുവിമുക്തമാക്കണം. ഇതിന് താൽക്കാലിക നിയമനം നടത്തണം. ആയതിനു വേണ്ടി വരുന്ന തുക എക്സാ ഫണ്ടിൽ നിന്നും എടുക്കാം.

7.കുട്ടികൾ വിദ്യാലയങ്ങളിൽ എങ്ങിനെയെത്തും അവരുടെ പ്രശ്നങ്ങൾ എന്നിവ ക്ലാസ് അദ്ധ്യാപകർ മുഖേന ശേഖരിച്ച് പരിഹാരം കാണണം.

8.ഒരു മാർഗ്ഗവും ഇല്ലെങ്കിൽ മറ്റു വിദ്യാലയങ്ങളുടെ വാഹനം അല്ലെങ്കിൽ കെ.എസ്.ആർ.ടി.സിയുടെ സേവനം ആവശ്യപ്പെടാം. ഒരു ബസ്സിൽ 28 പേർ മാത്രം. വാഹനങ്ങൾ വാടകയ്ക്കും എടുക്കാം.. ചിലവുകൾ എക്സാം ഫീ/സ്പെഷൽ ഫീ/പിടിഎ ഫണ്ട് ഉപയോഗിച്ച് നൽകാം.

9.സി.ഡബ്ലിയു.എസ്.എൻ. വിദ്യാർത്ഥികൾ സെന്റർ മാറി പരീക്ഷ എഴുതുകയാണെങ്കിൽ സ്ക്രൈബിനെ അവർ പരീക്ഷ എഴുതുന്ന ചീഫ് നൽകുന്നതാണ്.

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ